# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടകര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR (P10)-398/2023 25.04.2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 25/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
അസി.ഡവലപ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
ഓഫീസ് കോപ്പി

നമ്പർ: KSA TSR (P10)-398/2023 25.04.2023 തീയ്യതി: 25/04/2023

## തൃശ്ശൂർ ജില്ലയിലെ കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-05-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുധാ ദാസ് | ജോയിന്റ് ഡയറക്ടർ | 14-03-2023 | 20-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-03-2023 | 20-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിത ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവദാസൻ എ കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യാ ദിലീപ്, ഓഡിറ്റർ
ശ്രീമതി.ബിന്ദു.കെ.എസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ .എം .ആർ രഞ്ജിത്ത് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. അജയഘോഷ് പി .ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്വപ്ന. എസ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 31-03-2022 |
| ശ്രീ. ആന്റണി എം .വട്ടോലി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ജിജിമോൾ ടി. കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ബിനോജ് ജോർജ് മാത്യൂ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി , പുതുക്കാട് | 01-04-2021 | 09-09-2021 |
| ഡോ.മുഹമ്മദാലി കെ.എ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി ,പുതുക്കാട്, | 10-09-2021 | 31-03-2022 |
| ഡോ. ജോയ് ജോസഫ് | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 01-04-2021 | 30-04-2021 |
| ഡോ. ലക്ഷ്മി മേനോൻ | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 01-05-2021 | 15-07-2021 |
| ഡോ. സുഷിൻ സുന്ദരൻ | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 16-07-2021 | 09-11-2021 |
| ഡോ. ലക്ഷ്മി മേനോൻ | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 17-11-2021 | 15-03-2022 |
| ഡോ. സുഷിൻ സുന്ദരൻ | സൂപ്രണ്ട്, സി എച്ച് സി, മറ്റത്തൂർ | 16-03-2022 | 31-03-2022 |
| ശ്രീമതി. നിഷ. എം | സി.ഡി.പി.ഒ കൊടകര | 01-04-2021 | 01-10-2021 |
| ഗ്രെറ്റ കുര്യൻ | സി.ഡി.പി.ഒ കൊടകര | 02-10-2021 | 31-03-2022 |
| ശ്രീമതി. ഗ്രേസി ടി വി | സി.ഡി.പി.ഒ കൊടകര അഡീഷണൽ | 01-04-2021 | 31-08-2021 |
| ശ്രീമതി ഷംസാദ് എം. | സി.ഡി.പി.ഒ കൊടകര അഡീഷണൽ | 01-09-2021 | 21-10-2021 |
| ശ്രീമതി.ഗ്രേസി ടി വി | സി.ഡി.പി.ഒ കൊടകര | 21-10-2021 | 31-10-2021 |

| | | | |
|---|---|---|---|
| | അഡീഷണൽ | | |
| ശ്രീമതി. ഷംസാദ് എം. | സി.ഡി.പി.ഒ കൊടകര അഡീഷണൽ | 01-11-2021 | 31-03-2022 |
| ശ്രീ. സിജോൺ ജോൺസൺ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 02-08-2021 |
| ശ്രീ. സെബിൻ പി.എഫ് | ക്ഷീര വികസന ഓഫീസർ | 03-08-2021 | 30-09-2021 |
| ശ്രീമതി. ശാലിനി സി | ക്ഷീര വികസന ഓഫീസർ | 01-10-2021 | 31-03-2022 |
| ശ്രീമതി. വാലന്റീന കെ ഡി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സവിത .പി. ജോയ് | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ സെബി വി എ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.എം എ മനോജ് കുമാർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയന്തി. ടി.ടി | അസി.ഡയറക്ടർ ഓഫ് ഫിഷറീസ്. | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | കാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-8-1 |
| 9 | വരവിനങ്ങളുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് രജിസ്റ്ററുകളിൽ കൃത്യമായി തയ്യാറാക്കുന്നില്ല | 1-8-2 |
| 10 | കെട്ടിട വാടകയിനത്തിൽ വന്ന നെഗറ്റീവ് ബാലൻസ് ക്രമീകരിക്കേണ്ടതാണ്. | 1-8-3 |
| 11 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-4 |
| 12 | അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല | 1-8-5 |
| 13 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-8-6 |
| 14 | കുടിവെള്ള പദ്ധതികൾ.എഗ്രിമെന്റ് പീരീഡിനകത്ത് പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല | 1-9 |
| 15 | പവർഗ്രിഡ് സ്ഥാപിക്കൽ. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രോജക്ട് പ്രവർത്തനക്ഷമമായിട്ടില്ല. | 1-10 |
| 16 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായില്ല | 1-11 |
| 17 | ചെലവു രേഖകൾ ഹാജരാക്കിയില്ല. 32800 രൂപയുടെ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു. | 1-12 |
| 18 | തുടർനടപടിവിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-13 |
| 19 | മുൻകൂർ കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-14 |
| 20 | പാലിയേറ്റീവ് കെയർ-മുൻകൂർ തുക കൈമാറി; മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഹാജരാക്കേണ്ടതാണ് | 1-15 |
| 21 | പ്രോജക്ട് നം.74/പട്ടികജാതിവിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ | 1-16 |
| 22 | ഷീ വർക്ക് സ്പേസ്-പ്രോജക്ട് പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് ഉറപ്പു വരുത്തേണ്ടതാണ് | 1-17 |

| | | |
|---|---|---|
| 23 | ഷീ വർക്ക് സ്പേസ് കൊടകര ഗ്രാ.പ-പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-18 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 16.02.2021, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 86183000 | 85715600 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 22.03.2022, തീരുമാനം (2) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 119056507 | 118589107 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 7-1-23 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17141363 |
| വരവ് | 112619223 |
| ആകെ | 129760586 |
| ചെലവ് | 108341786 |
| നീക്കിയിരിപ്പ് | 21418800 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 34556133 | 34556133 | 31604152 | 2951981 |
| മെയിന്റനൻസ് ഫണ്ട് നോൺ - റോഡ്(ACR പ്രകാരം) | 0 | 10031099 | 10031099 | 8790233 | 1240866 |
| വികസന ഫണ്ട് – എസ് സി പി (ACR പ്രകാരം) | 0 | 17661643 | 17661643 | 17450000 | 211643 |
| വികസനഫണ്ട് ടി എസ് പി (ACR പ്രകാരം) | 0 | 1036691 | 1036691 | 930000 | 106691 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) (ACR പ്രകാരം) | 0 | 7762986 | 7762986 | 7431440 | 331546 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ACR പ്രകാരം) | 0 | 13383789 | 13383789 | 9233544 | 4150245 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതിത്തുകയുടെ | നടപ്പാക്കിയ പ്രൊജക്ടുകളുടെ |
|---|---|---|---|---|---|

| (എണ്ണം) | | | | ശതമാനം | എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 121 | 167656703 | 113 | 94988289 | 56.65% | 93.39% |

## 1-6 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2023 തീയതിയിൽ 2:56 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-8-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-8-2 വരവിനങ്ങളുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് രജിസ്റ്ററുകളിൽ കൃത്യമായി തയ്യാറാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ട്സ് പ്രകാരം ആകെ രണ്ടിനങ്ങളിലാണ് ബ്ലോക്കിന് പ്രധാനമായും തനതു വരുമാനം വരുന്നത്. വാർഷിക കണക്കിൽ താഴെ ചേർക്കും പ്രകാരം ഡിമാന്റ് കളക്ഷൻ ബാലൻസ് ഉണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ ഡി.സി.ബി.സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ, ഡിമാന്റ് കളക്ഷൻ , വിവരങ്ങൾ മാസം തിരിച്ച് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കെട്ടിട വാടക | 191482 | 132833 | 61899 |
| ഓഡിറ്റോറിയം, ഹാൾ വാടക | 12000 | 12000 | 0 |
| കെട്ടിട വാടക അരിയർ | 8814 | 19720 | (10906) |

## 1-8-3 കെട്ടിട വാടകയിനത്തിൽ വന്ന നെഗറ്റീവ് ബാലൻസ് ക്രമീകരിക്കേണ്ടതാണ്.

കെട്ടിട വാടകയിനത്തിൽ കുടിശ്ശിക ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ വന്നിട്ടുണ്ട്. ഡിമാന്റിലില്ലാതെ കൂടുതൽ വന്ന തുക പ്രയർ പീരീഡ് ഐറ്റം ആയി ചേർക്കുന്നതിനു പകരം നേരിട്ട് ചേർത്തതിനാൽ 10906 രൂപ നെഗറ്റീവ് ബാലൻസ് ആണ് വാർഷികകണക്കിൽ ചേർത്തിരിക്കുന്നത്. ഇത് പ്രയർ പീരീഡിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ് എങ്കിലും അങ്ങിനെ ചെയ്തതായി കാണുന്നില്ല. ആയത് ക്രമീകരിക്കേണ്ടതാണ്.

## 1-8-4 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4277437 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3725978രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-8-5 അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല

അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂളുകളിലെ താഴെ ചേർക്കും

പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

B 18 ഷെഡ്യൂൾ പ്രകാരം

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക |
|---|---|---|
| 460500201 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ്. KWA | 2920000 |

## 1-8-6 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ബാലൻസ് രേഖപ്പെടുത്തിയിട്ടുള്ളതും പ്രത്യേകം ബാങ്ക് അക്കൗണ്ടിലല്ലാതെ സൂക്ഷിക്കുന്നതുമായ താഴെ ചേർക്കുന്ന ശീർഷകങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക |
|---|---|---|---|
| 1 | 320100102 | SGSY | 3515 |
| 2 | 320100110 | IAY | 354349 |
| 3 | 320100126 | PYKA | 145435 |
| 4 | 320200399 | സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | 11529 |
| 5 | 320700105 | ജില്ലാ പഞ്ചായത്ത് വിഹിതം | 1000000 |
| 6 | 320700303 | വില്ലേജ് പഞ്ചായത്ത് വിഹിതം | 88564 |
| 7 | 320700305 | ജില്ലാ പഞ്ചായത്ത് വിഹിതം | 11450000 |
| 8 | 320700403 | വില്ലേജ് പഞ്ചായത്ത് വിഹിതം | 11080 |
| 9 | 320700405 | ജില്ലാ പഞ്ചായത്ത് വിഹിതം | 9420658 |
| 10 | 320800101 | ഗുണഭോക്തൃവിഹിതം | 68050 |
| 11 | 320800119 | മറ്റ് ഗ്രാന്റുകൾ | 147899 |
| 12 | 350200301 | കോവിഡ് റിക്കവറീസ് | 129000 |

## 1-9 കുടിവെള്ള പദ്ധതികൾ.എഗ്രിമെന്റ് പീരീഡിനകത്ത് പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല

1.പ്രോജക്ട് നമ്പർ. 149/22

ചീനിക്കുന്ന് എസ്.ടി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം- അയേൺ റിമൂവർ ഫിൽട്ടർ സ്ഥാപിക്കൽ.

ഓഡിറ്റ് വർഷത്തെ ചിലവ് -163800

വൗച്ചർ നമ്പർ – 22100524/27-12-2021

നിർവ്വഹണ ഉദ്യോഗസ്ഥൻ – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ഈ പ്രവർത്തിക്കായി ആകെ 163800രൂപ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വാട്ടർ അതോറിറ്റിയിൽ (ഇരിഞ്ഞാലക്കുട പി.എച്ച്.ഡിവിഷൻ) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നില്ല. പ്രവർത്തി സംബന്ധിച്ച നിലവിലെ അവസ്ഥ

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ. 8/17-03-22

2.പ്രോജക്റ്റ് നമ്പർ. 149/22

കൊരയച്ചാൽ ഇടുത്ത കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം

ഓഡിറ്റ് വർഷത്തെ ചിലവ് .1253600

വൗച്ചർ നമ്പർ. Xvfc/ 21-22/p/176 Dt.10-03-22

ഈ പ്രവർത്തിക്കായി ആകെ 1253600 ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വാട്ടർ അതോറിറ്റിയിൽ (ഇരിഞ്ഞാലക്കുട പി.എച്ച്.ഡിവിഷൻ) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 05/04/2022 ലെ 05/2021-22 നമ്പർ എഗ്രിമെന്റ് പ്രകാരം 2022 ഒക്ടോബർ മാസം അഞ്ചാം തിയ്യതി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതു വരെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നില്ല. പ്രവർത്തി സംബന്ധിച്ച നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 പവർഗ്രിഡ് സ്ഥാപിക്കൽ. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രോജക്റ്റ് പ്രവർത്തനക്ഷമമായിട്ടില്ല.

പ്രോജക്റ്റ് നമ്പർ. 163/22

കൊടകര ബ്ലോക്ക് പഞ്ചായത്ത് ഘടക സ്ഥാപനങ്ങൾ പവർഗ്രിഡുമായി ബന്ധിപ്പിക്കൽ.

തുക. 555500

ജില്ലാ എഞ്ചിനീയർ

അനർട്ട്

തൃശ്ശൂർ

വൗച്ചർ നമ്പർ.22100958/26-03-22

കരാർ തിയ്യതി. 25/03/2022
നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി

കരാർ ഖണ്ഡിക 4 പ്രകാരം തുക അടവാക്കി ആറു മാസത്തിനുള്ളിൽ അനർട്ട് പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതു വരെ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായില്ല

താഴെ ചേർക്കുന്ന പ്രേജക്റ്റിൽ ഏജൻസിക്ക് ബ്ലോക്ക് പഞ്ചായത്ത് തുക കൈമാറിയിട്ടുണ്ട് എങ്കിലും നാളിതു വരെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. യു.സി ഹാജരാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത്)

| പ്രോജക്റ്റ് നമ്പർ | പേര് | തുക | ഫണ്ടിനം | വൗച്ചർ നമ്പർ തിയ്യതി | ആർക്ക് നൽകി എന്ന് |
|---|---|---|---|---|---|
| 1/22 | IKM വിഹിതം നൽകൽ. | 68790 | പൊതു വിഭാഗം സാധാരണ വിഹിതം | 22100030/29-04-21 | IKM തിരുവനന്തപുരം |

## 1-12 ചെലവു രേഖകൾ ഹാജരാക്കിയില്ല. 32800 രൂപയുടെ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ: S00125 /22
നിർവ്വഹണോദ്യോഗസ്ഥൻ. അസി.ഡയറക്ടർ ഓഫ് ഫിഷറീസ്
സുഭിക്ഷ കേരളം - കൊടകര ബ്ലോക്ക് പഞ്ചായത്ത് മാതൃക സംയോജിത പദ്ധതി -

പട്ടുതാകുളം മത്സ്യ കൃഷി - വനിതാ ഗ്രൂപ്പുകൾക്ക് ധനസഹായം

വൗച്ചർ നമ്പർ: 22100416 Dated 27 .11. 2021/32800/-

മേൽ പ്രൊജക്ട് ഫയൽ/ ചെലവു രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ ആകെ 32800 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം ചെവു രേഖകൽ ഹാജരാക്കാത്ത പക്ഷം അത്തരം രേഖകൾ നിലവിലില്ല എന്ന അനുമാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ.14/20-03-23)

## 1-13 തുടർനടപടിവിവരങ്ങൾ അറിയിക്കേണ്ടതാണ്

നിർവഹണോദ്യോഗസ്ഥൻ: ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
ചെലവ് – 525000 (വികസനഫണ്ട്, ടി.എസ്.പി)
അടങ്കൽ – 525000 (വികസന ഫണ്ട്, ടി.എസ്.പി)

പ്രോജക്ട് നം:53/പട്ടികവർഗവിദ്യാർത്ഥികൾക്ക് പഠനമുറി

മേൽ പ്രോജക്ടിൽ ബിജിത്ത്.എം.ബി, മുരിക്കിങ്ങൽ വീട്, പാലപ്പിള്ളി എന്ന ഗുണഭോക്താവിന് പഠനമുറി അനുവദിച്ചിട്ടുള്ളതും BRN No:20230563012401112616/19.02.21 പ്രകാരം 50000 രൂപയും, BRN No:21230563012400801821/17.12.21 പ്രകാരം 75000രൂപയും നല്കിയിട്ടുള്ളതുമാണ്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അസി.എൻജിനീയർക്ക് നല്കിയ കത്തിൽ പഠനമുറിയുടെ പണികൾ പൂർത്തിയാക്കിയതായും വാല്യുവേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട് (ഫയൽ നം. 2002/21). ആയതിന്റെ തുടർനടപടിവിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് രണ്ടാം ഗഡുവായി അനുവദിച്ച തുക ഉപയോഗിച്ച് വാർക്ക പൂർത്തീകരിച്ചതിനുശേഷം പണി പൂർത്തീകരിച്ചുവെന്ന് ഗുണഭോക്താവ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അസി.എൻജിനീയർക്ക് വാല്യുവേഷൻ നൽകുന്നതിനായി കത്ത് നല്കിയതാണെന്നും എന്നാൽ ഭൗതിക പരിശോധനയിൽ പണി പൂർത്തീകരിച്ചിട്ടില്ലായെന്ന് ബോധ്യപ്പെടുകയും പണി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നല്കിയെങ്കിലും 2022-23ലും പണി പൂർത്തീകരിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ 11 / 18-3-2023). കൃത്യമായ മോണിറ്ററിങ്ങ് നടത്തേണ്ടതും തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 മുൻകൂർ കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രൊജക്ട് നം. 86/ 22
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പുതുക്കാട് താലൂക്ക് ആശുപത്രി
പുതുക്കാട് താലൂക്ക് ആശുപത്രിയിലേക്ക് മരുന്നുകൾ, ഡയാലിസിസ് കൺസ്യൂമബിൾസ് വാങ്ങൽ
റോഡിതര ഫണ്ട് ചെലവു തുക: 1400000
മേൽ ചെലവു തുകയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ കൈമാറിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.
മേൽ പ്രകാരം നൽകിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരുന്നില്ല. ഓഡിറ്റ് എൻക്വയറി (നം.3/15.03.23) നൽകിയതിനെ തുടർന്ന് ഇനി ലഭ്യമാകാനുള്ള മരുന്നുകളുടെ തുകയുടെ വിശദാംശം മറുപടിക്കൊപ്പം ഹാജരാക്കി ആയത് ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തീയതി | തുക |
|---|---|
| 221011035/28.7.21 | 240016(228726രൂപ കൈമാറി.) |
| 22100215/26.8.21 | 376243 |
| 22100303/16.10.21 | 29516 |
| 22100522/16.12.21 | 76570 |
| 22100867/8.3.22 | 34037 |
| 22100971/22.3.22 | 99978 |

| | |
|---|---|
| 22100966/22.3.22 | 123974 |
| 22100974/22.3.22 | 170606 |
| ആകെ തുക | 933800 |

മേൽ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരുന്നില്ല. ഓഡിറ്റ് എൻക്വയറി (നം.3/15.3.23) നൽകിയതിനെ തുടർന്ന് ഇനി ലഭ്യമാകാനുള്ള മരുന്നുകളുടെ തുകയുടെ വിശദാംശം മറുപടിക്കൊപ്പം ഹാജരാക്കി. ആയത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കൈമാറിയതുക | ഓഡിറ്റ് എൻക്വയറി മറുപടി പ്രകാരം ഇനി ലഭ്യമാകാനുള്ള മരുന്നുകളുടെ തുക |
|---|---|---|
| 1. | PRFNO:1347/27.7.21 /228726 | NIL |
| 2. | PRFNO:2717/13.10.21 /29516 | 20013/- |
| 3. | PRFNO:3852/6.12.21 /76570 | 26357/- |
| 4. | PRFNO:6214/25.2.22 /34037 | 896/- |
| 5. | PRFNO:7082/19.3.22 /99978 | 54480/- |
| 6. | PRFNO:7149/21.3.22 /123974 | 31244/- |
| 7. | PRFNO:6674/8.3.22 /170606 | 9762/- |
| 8. | PRFNO:1800/25.8.21 /376243 | 68104/- |
| ആകെ തുക | 933800 | 210856/- |

210856/- രൂപയ്ക്കുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 പാലിയേറ്റീവ് കെയർ-മുൻകൂർ തുക കൈമാറി; മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മറ്റത്തൂർ
പാലിയേറ്റീവ് കെയർ (സെക്കന്ററി) പ്രൊജക്ടുകളിൽ മരുന്ന വാങ്ങുന്നതിന് കെ.എം.എസ്.സി.എല്ലിൽ കൈമാറിയ മുൻകൂർ തുകയുടെയും നാളിതു വരെ ലഭ്യമായ മരുന്നുകളുടെ തുകയും (ഓഡിറ്റ് എൻക്വയറി നം.4/ 15.3.23 മറുപടി പ്രകാരം) ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നം. 44/22
പാലിയേറ്റീവ് കെയർ (സെക്കന്ററി)
വികസന ഫണ്ട് ചെലവുതുക : 1309999
മേൽ ചെലവു തുകയിൽ താഴെ പറയുന്ന വൗച്ചർ നമ്പരുകൾ പ്രകാരം കെ.എം.എസ്.സി.എല്ലിന് കൈമാറിയ തുകയുടെ വിശദാംശം താഴെ പറയുന്നു.

വൗച്ചർ നം : 22100694/2.2.22 Amt: 299983/-{PRF5135/27.1.22}
വൗച്ചർ നം : 22100732/14.2.22 Amt: 522864/-{PRF NO:5397/3.2.22 /358659/-, PRF NO:5591/9.2.22 /164205}

| കൈമാറിയ തുക | നാളിതു വരെ ലഭ്യമായ മരുന്നുകളുടെ തുക | ബാക്കി ലഭിക്കാനുള്ള മരുന്നുകളുടെ തുക |
|---|---|---|
| PRF5135/27.1.22 /299983/- | 239332/- | 60651/- |
| PRFNO:5397/3.2.22 /358659/- | 278928/- | 79731/- |
| PRFNO:5591/9.2.22 /164205/- | 107912/- | 56293/- |
| | ആകെ ലഭിക്കാനുള്ളത് | 196675/- |

2. പ്രൊജക്ട് നം. 95/ 22
പാലിയേറ്റീവ് കെയർ (സെക്കന്ററി)
ധനകാര്യ കമ്മീഷൻ അവാർഡു തുക ( ചെലവ് ): 400000
XVFC/2021-22/P/1/22.10.21(pfms)
PRF NO:2291/25.9.21 Amt:349990
PRF NO:2670/12.10.21 Amt:29590
PRF NO:2669/12.10.21 Amt:20420

| കൈമാറിയ തുക | നാളിതു വരെ ലഭ്യമായ മരുന്നുകളുടെ തുക | ബാക്കി ലഭിക്കാനുള്ള മരുന്നുകളുടെ തുക |
|---|---|---|
| PRF NO:2291/25.9.21 Amt:349990/- | 169190/- | 180800/- |
| PRF NO:2670/12.10.21 Amt:29590/- | 27860/- | 1730/- |
| PRF NO:2669/12.10.21 Amt:20420/- | 15711/- | 4709/- |
| | ആകെ ലഭിക്കാനുള്ളത് | 187239/- |

മേൽ ക്രമ നം. 1, 2 പട്ടികകൾ പ്രകാരം ബാക്കി ലഭിക്കേണ്ട മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് കെ.എം.സി.എല്ലി-ന് കത്തു നൽകിയതായി ഓഡിറ്റ് എൻക്വയറി (നം. 4/ 15.3.23) മറുപടിയിൽ പറയുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പ്രോജക്ട് നം.74/പട്ടികജാതിവിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ :പട്ടികജാതി വികസന ഓഫീസർ

1)മേൽ പ്രോജക്ടിൽ ആര്യനന്ദ, വട്ടപ്പാടത്ത് വീട്, വരാക്കര എന്ന ഗുണഭോക്താവിന് പഠനമുറി അനുവദിച്ചിട്ടുള്ളതും 50000 രൂപ (29-10-21), 75000 രൂപ (19-12-21) എന്നിങ്ങനെ തുകകൾ നല്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെ അവസാനഗഡു കൈപ്പറ്റിയതിന്റെ വിവരം ലഭ്യമായില്ല. ഇതുസംബന്ധിച്ച തുടർവിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലോൺ തിരിച്ചടവ് മുടങ്ങിയതിനാൽ ജപ്തി നോട്ടീസ് വന്ന സാഹചര്യത്തിൽ വീട് വിറ്റ് കടം തീർത്തതായും നിലവിൽ മാതൃസഹോദരിയുടെ വീട്ടിലാണ് താമസമെന്നും പഠനമുറിക്ക് അനുവദിച്ച തുക തിരിച്ചടവാക്കാനാവാത്ത സാഹചര്യമാണെന്നും മറുപടി ലഭ്യമായിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 12/18-3-2023). പ്രസ്തുത മറുപടി പരിഗണിക്കാവുന്നതല്ല. പഠനമുറിക്ക് അനുവദിച്ച തുകയായ 125000 രൂപ തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2)മേൽ പദ്ധതിയിൽ ആദിത്യൻ പി. സുനിൽ, പട്ടാളിവീട്, കൊടകര എന്ന ഗുണഭോക്താവിന് പഠനമുറി

അനുവദിച്ചിട്ടുണ്ട്. ടിയാൻ പഠനമുറിക്കായി സമർപ്പിച്ച പ്ലാനിൽ പഠനമുറിയുടെ വിസ്തീർണ്ണം 14.75 എം$^2$ (158.768 ചതുരശ്ര അടി) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (സാ.ധാ)നം.2636/2018 ത.സ്വ.ഭ.വ, തീയതി 15/10/2018 പ്രകാരം അനുവദിക്കാവുന്ന പഠനമുറിയുടെ വിസ്തീർണ്ണം 120 ചതുരശ്ര അടിയാണ്. 14.75എം$^2$ വിസ്തീർണ്ണമുള്ള പഠനമുറിക്ക് അനുമതി നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ നിലവിലുള്ള വീടിന് മുകളിലായാണ് പഠനമുറി പണിതതെന്നും താഴെയുള്ള ചുമരുകൾക്ക് മുകളിലായി പഠനമുറി പണിയേണ്ടിവന്ന സാഹചര്യത്തിലാണ് വിസ്തീർണ്ണം കൂടുതലായതെന്നും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.17/20-3-2023). പദ്ധതികൾ മാർഗരേഖ പ്രകാരം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഷീ വർക്ക് സ്പേസ്-പ്രോജക്ട് പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് ഉറപ്പ് വരുത്തേണ്ടതാണ്

കൊടകര ബ്ലോക്ക് പഞ്ചായത്ത് കൊടകര പഞ്ചായത്തിലെ വല്ലപ്പാടി എന്ന സ്ഥലത്ത് സ്ത്രീകളായ സംരംഭകരുടെ പൊതുവായ ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന ലക്ഷ്യത്തിൽ രൂപ കൽപ്പന ചെയ്ത പ്രോജക്ടാണ് ഷീ വർക്ക് സ്പെയ്സ്. ഡി.പി.ആർ പ്രകാരം 74888 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം വരുന്ന ഈ ബഹുനില കെട്ടിടത്തിൽ വിവിധ സംരംഭകർക്കുള്ള സ്ഥലത്തിനു പുറമേ ക്രഷ്, ഡേ കെയർ ക്ലിനിക്, ഷോപ്പിംഗ് മാൾ,വെൽനസ്സ് സെന്റർ, കൺവെൻഷൻ ഹാൾ തുടങ്ങിയ നിരവധി സൗകര്യങ്ങൾ കൂടി വിഭാവനം ചെയ്തിട്ടുണ്ട്. 21-22 വർഷത്തിൽ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡി.പി.ആർ പ്രകാരം 90 % സർക്കാർധന സഹായം ബാക്കി ലോൺ എന്ന നിലയിലാണ് ധനസമ്പാദനം ലക്ഷ്യമിട്ടിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായാണ് പ്രോജക്ടിന്റെ വിവിധ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്.

(പ്രോജക്ട് നമ്പർ – 131/22, പ്രോജക്ട് നമ്പർ – 83/22) എന്നീ പ്രോജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷത്തെ വരവ്-ചെലവുകളുടെ അടിസ്ഥാനത്തിലും, തൊട്ടടുത്ത വർഷമായ 22-23 വർഷത്തിലെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലും കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡി.പി.ആർ പ്രകാരം ആകെ 28.95 കോടി രൂപയുടെ പ്രോജക്ട് ആണ് ഇത്. ഇത്രയും തുക തുടർ വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് എങ്ങിനെയാണ് ലഭിക്കുക എന്ന ഒരു വിശദമായ ധനകാര്യ വിശകലനം നിലവിൽ ഫയലിൽ ചേർത്തിട്ടില്ല. ഡി.പി.ആറിൽ ആകെ ചേർത്തിരിക്കുന്നത് 90% സർക്കാർ (കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ) ബാക്കി ലോൺ എന്ന നിലയിലാണ്. നിലവിൽ 22-23 വർഷാവസാനം വരെ കേന്ദ്ര, സംസ്ഥാന സർക്കാരിൽ നിന്നോ, മറ്റ് ഏജൻസികളിൽ നിന്നോ ഒരു ധനസഹായവും ഈ പ്രോജക്ടിന് ലഭിക്കുകയുണ്ടായിട്ടില്ല.

2. പ്രോജക്ടിലെ നിലവിലെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

എ) വർഷം - 21-22

| ക്രമ നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | വകയിരുത്തിയ തുക | | | |
|---|---|---|---|---|---|
| | | ബ്ലോക്ക് പൊതു വിഭാഗം സാധാരണ വിഹിതം | ഗ്രാമ പഞ്ചായത്ത് വിഹിതം | മറ്റു ജില്ലാ പഞ്ചായത്ത് വിഹിതം | ആകെ |
| 1 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3134335 | 2110276 | 11450000 | 16694611 |
| 2 | സെക്രട്ടറി | 2164404 | 1000000 | | 3164404 |
| | ആകെ | 5298739 | 3110276 | 11450000 | 19859015 |

ബി) വർഷം - 22-23

| ക്രമ | നിർവ്വഹണോദ്യോഗസ്ഥൻ | | വകയിരുത്തിയ തുക |
|---|---|---|---|

| നമ്പർ | | | | | | |
|---|---|---|---|---|---|---|
| | | ബ്ലോക്ക് പൊതു വിഭാഗം സാധാരണ വിഹിതം | പ്രത്യേക ഗ്രാന്റ് | ഗ്രാമ പഞ്ചായത്ത് വിഹിതം | മറ്റു ജില്ലാ പഞ്ചായത്ത് വിഹിതം | ആകെ |
| 1 | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 8000000 | 20000000 | | | 28000000 |
| 2 | സെക്രട്ടറി | 2332500 | | 3000000 | 9500000 | 14832500 |
| | ആകെ | 10332500 | 20000000 | 3000000 | 9500000 | 42832500 |

3. ഡി.പി.ആർ പ്രകാരമുള്ള ആദ്യഘട്ടനിർമ്മാണത്തിന് (ഫേസ്-1) 83473056.29 രൂപ എസ്റ്റിമേറ്റിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി ചേർന്ന് കരാർ ഒപ്പിട്ടിട്ടുള്ളതിൽ (31/AE/LID& EW/KDA /21-22 Dt. 18/03/22) കരാർ തിയ്യതിയായ 18/03/2022 മുതൽ രണ്ടു വർഷത്തിനകം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രവർത്തി പൂർത്തിയാക്കേണ്ടതാണ്. താഴെ ചേർക്കും പ്രകാരമുള്ള തുക ബ്ലോക്ക് പഞ്ചായത്ത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട് എന്നതിന് നിലവിൽ വ്യക്തമായ ധാരണയില്ല.

21-22 വർഷം നൽകിയ തുക – 16694611

22-23 വർഷം വകയിരുത്തിയ തുക – 42832500 (ഇതിൽ 20000000 സംസ്ഥാന ഫണ്ട് + 9500000 ജി. പഞ്ചായത്ത് വിഹിതം ആകെ 29500000/- നാളിതു വരെ ലഭിച്ചിട്ടില്ല)

2022-23-ലെ ലഭ്യമായ തുകയായ 13332500, 2021-22-ൽ കൊടുത്ത 16694611 രൂപയും ചേർത്ത് ആകെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ഉറപ്പുവരുത്തിയ സംഖ്യ 30027111 രൂപയാണ്.

കരാർ പ്രകാരം 23-24 വർഷം ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തേണ്ട ആകെ തുക- 53445945 രൂപ. (രണ്ട് കോടി രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭിച്ചാൽ കണ്ടെത്തേണ്ട തുക 33445945 രൂപ.)

കൂടാതെ ഫേസ് 2 ൽ 18.60 കോടി രൂപയുടെ പ്രവർത്തനങ്ങൾ കൂടി പൂർത്തിയാക്കാനുണ്ട്. ഇതിനുള്ള ഫണ്ട് എങ്ങിനെ കണ്ടെത്തുമെന്നുകൂടി നിലവിൽ തീരുമാനമെടുക്കേണ്ടതാണ്.

ഇതിനു പുറമേ ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തേണ്ട മറ്റ് തുകകളുടെ വിവരം ചുവടെ ചേർത്തുന്നു.

പബ്ളിക് വർക്സ് ഡിപ്പാർട്ട് മെന്റിന് 22-23 ലെ എസ്റ്റിമേറ്റ് പ്രകാരം ആകെ കൈമാറേണ്ട തുക – 13358700

22-23 ൽ കൈമാറിയ തുക - 2000000

ഇനി കൈമാറേണ്ട തുക - 11358700

21-22 ലെ എസ്റ്റിമേറ്റ് പ്രകാരം എഞ്ചിനീയറിംഗ് കോളേജിന് നൽകാനുള്ള തുക - 3833504 - 2021304

ബാക്കി കൈമാറേണ്ട തുക - 1812200

4. നിലവിൽ മൊത്തം പ്ളാൻ ഫണ്ടിന്റെ വലിയൊരു ശതമാനം ഷി ലോഡ്ജ് പദ്ധതിക്കു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തുന്നുണ്ട്. കൃത്യമായ ഫണ്ടിന്റെ അഭാവത്തിൽ നിലവിൽ തുടരുന്ന അതേ ശതമാനം പദ്ധതി വിഹിതം ഷി ലോഡ്ജ് പദ്ധതിക്കു വേണ്ടി വകയിരുത്താനാകുമോ എന്നത് പ്രത്യേകം പരിശോധനാവിധേയമാക്കേണ്ടതാണ്. ഒരു പദ്ധതിക്കു വേണ്ടി മാത്രം വലിയ തുക ചെലവിടുന്നത് മറ്റു വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 15/18.03.23) 21/03/2023-ൽ സ്ഥാപനം മറുപടി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിൽ നിന്ന് 1 കോടിയും ജില്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വിഹിതം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ഫേസ് 2 ൽ കൃത്യമായ ധാരണ ബ്ലോക്ക് പഞ്ചായത്ത് നിലവിൽ ആവിഷ്കരിച്ചിട്ടില്ല. തൊഴിൽ സംരംഭം എന്ന നിലയിൽ ആണ് വികസന ഫണ്ട് കൂടുതൽ വകയിരുത്തിയത് എന്നും അറിയിച്ചിട്ടുണ്ട്. വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ഈ പദ്ധതി കൃത്യസമയത്തിനുള്ളിൽ ലക്ഷ്യം കൈവരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്.

| വർഷം | ആകെ പദ്ധതി വിഹിതം (പ്ലാൻ ജനറൽ) | ഷി ലോഡ്ജിനു വേണ്ടി മാത്രം ചെലവിട്ടത് | ശതമാനം |
|---|---|---|---|
| 2021-22 | 34545000 | 5298739 | 15.33% |
| 2022-23 | 41321000 | 10332500 | 25% |

1-18 ഷീ വർക്ക് സ്പേസ് കൊടകര ഗ്രാ.പ-പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊജക്ട് നം : 83/22
ഷീ വർക്ക് സ്പേസ്-ഒന്നാം ഘട്ടം കൊടകര ഗ്രാ. പ
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി.
വികസന ഫണ്ട് ചെലവുതുക : 3134335
വൗച്ചർ നം./ തിയതി : 22100978/22.3.22
ഗ്രാമപഞ്ചായത്ത് ചെലവുതുക : 2110276
ജില്ലാ പഞ്ചായത്ത് ചെലവു തുക : 11450000
ആകെ തുക : 13560276
JVTSB Cheque No: JM 5275076/22.03.22/9900000
JVTSB Cheque No: JM 5275077/22.03.22/ 3660276
ഭരണാനുമതി: 15.1.22ലെ 2 (1) തീരുമാനം
DPC അനുമതി: No. 89672/ 2021/ DPO/ TSR/ 20.1.22
T S No.87722/ 2021-22/ 23.2.22
T S Amt: 93500000
നിർവ്വഹണ രീതി : അക്രഡിറ്റഡ് ഏജൻസി
കാലയളവ് : 3 വർഷം

ബ്ലോക്ക് പഞ്ചായത്തിൽ, കൊടകര ഗ്രാമ പഞ്ചായത്തിലെ പെരിങ്ങാംകുളം പ്രദേശത്ത് NH66 ൽ നിന്നും 250 മീറ്റർ മാറി കൊടകര വില്ലേജ് സർവ്വേ നം. 180/8,99.78 സെന്റ് സ്ഥലത്ത് 6 നിലകളിലായി വനിതകൾക്ക് എല്ലാ സൗകര്യങ്ങളുമൊരുക്കി - ഓഫീസ് സ്പേസ്, വർക്ക് സ്പേസ് സ്റ്റാർട്ടപ്പ് സ്പേസ്, കോഫി ഷോപ്പ്, ഫാർമസി ഡേ കെയർ യൂണിറ്റ് ഹെൽത്ത് ക്ലബ്ബ് മീറ്റിംഗ് ഹാൾ കോൺഫെറൻസ് റൂമുകൾ, റിക്രിയേഷൻ ഏരിയ സൂപ്പർ മാർക്കറ്റ് സെക്യൂരിറ്റി റൂം ഡോർമിറ്ററി റൂം മുതലായവ ഉൾപ്പെടുത്തി-ബഹുനില കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊജക്റ്റ് ലക്ഷ്യമിടുന്നു.

2021-22 , 2022-23 , 2023 - 24 വർഷത്തെ പദ്ധതിയിൽ കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോർ, ഗ്രൗണ്ട് ഫ്ലോർ,ഫസ്റ്റ് ഫ്ലോർ ,അക്കോമഡേഷൻ സെക്കന്റ് ഫ്ലോർ, ടെറസ് ഫ്ലോർ, കമേഴ്സ്യൽ ബ്ലോക്ക് ഉൾപ്പെടെ 3818.49 $M^2$ വിസ്തീർണത്തിൽ നിർമ്മാണം നടത്തി പദ്ധതിയുടെ ഫസ്റ്റ് ഫേസ് പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയുടെ ഒന്നും ഘട്ടം പൂർത്തീകരിക്കുന്നതിന് 93500000 രൂപ വകയിരുത്തി. 25.8.2021 തിയ്യതിയിൽ നടന്ന ജന : കമ്മിറ്റിയുടെ സാധാരണ യോഗത്തിലെ 1(2) നമ്പർ തീരുമാനപ്രകാരം "*കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ബഹുവർഷ പദ്ധതിയായ ഷീ വർക്ക് സ്പെയ്സ് എന്ന പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ യഥാക്രമം 1,00,00,000/- രൂപ, 53,50,953/- രൂപ, 29,50,000/- രൂപ ആകെ 1,83,00,953/- രൂപ വകയിരുത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിന് ബാക്കി ആവശ്യമായി വരുന്ന തുക പ്ലാനിംഗ് ബോർഡിലെ ഇൻസെൻറ്റീവ് ഗ്രാന്റ്/ സംസ്ഥാന സർക്കാരിന്റെ ലീപ്പ് പദ്ധതി/നബാർഡ്/ആർ.ഐ.ഡി.എഫ് വായ്പ/ദേശസാൽകൃത/ സഹകരണ ബാങ്കിൽ നിന്നും വായ്പയോ എടുത്ത് പദ്ധതി പൂർത്തീകരിക്കുന്നതിന് യോഗം തീരുമാനിച്ചു. ആസൂത്രണ ബോർഡിലെ ഇൻസെന്റീവ് ഗ്രാന്റ് തുകയായ 2,00,00,000/- രൂപ ലഭ്യമാക്കുകയും ടി പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിന് സർക്കാർ സഹായം ലഭ്യമാക്കാൻ കാലതാമസം നേരിടുകയാണെങ്കിൽ സർക്കാരിന്റെ അനുമതിയോടെ നബാർഡ്/ആർ.ഐ.ഡി.എഫ് വായ്പ ലഭ്യമാക്കാൻ ശ്രമിക്കുക. ടി വായ്പയും ലഭ്യമാക്കാൻ കാലതാമസം നേരിടുകയാണെങ്കിൽ സർക്കാർ അനുമതിയോടെ ദേശസാൽകൃത ബാങ്ക്/ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കാനും സർക്കാർ സഹായം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ ബാങ്കിൽ അടച്ച വായ്പ ക്ലോസ് ചെയ്യുന്നതിനും ആയതിന് വേണ്ടുന്ന തുടർനടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ യോഗം*

*ചുമതലപ്പെടുത്തി അംഗീകരിച്ച തീരുമാനിച്ചു."* (പ്രൊജക്റ്റിന്റെ ഫണ്ട് ആസൂത്രണം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ഖ 1.17 ആയി ചേർത്തിട്ടുണ്ട്)

13.12.2021 ലെ 6(1) നമ്പർ തീരുമാനപ്രകാരം പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പിലാക്കാൻ എൽ.എസ്.ജി.ഡി അസി.എക്സി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. തുടർന്ന് 26.2.22 തിയ്യതി യിൽ ഇടെണ്ടർ കേരള സൈറ്റിൽ പ്രി ക്വാളിഫിക്കേഷൻ ടെണ്ടർ പബ്ലിഷ് ചെയ്തു. 14.3.22 ന് ഇ ടെണ്ടർ തുറക്കുകയും, ടെണ്ടറിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും തൃശ്ശൂർ ലേബർ കോൺട്രാക്ട് സൊസൈറ്റിയും പങ്കെടുക്കുകയും, കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഊരാളുങ്കൽ സൊസൈറ്റിയെ ഭരണ സമിതി തീരുമാനം 6 (1)/ 16.3.22 പ്രകാരം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് NO: 31/AEE/ LID& EW/KDA 21-22 പ്രകാരം 18.3.22 തിയ്യതിയിൽ ഊരാളുങ്കൽ സൊസൈറ്റിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് 18.3.22 ന തന്നെ സൈറ്റ് കൈമാറുകയും ചെയ്തു. 16.3.22ലെ 6(5) തീരുമാനപ്രകാരം എഗ്രീഡ് PAC 8,34,73,056 രൂപയുടെ 20% തുക മൊബിലൈസേഷൻ അഡ്വാൻസായി 1,66,94,611/- നൽകി. ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

1.പ്രവൃത്തിയുടെ ശിലാസ്ഥാപനം നടന്ന 21.5.22 ന് അസി.എക്സി.എഞ്ചിനീയർ തയ്യാറാക്കിയ റിപ്പോർട്ടിൽ 2023 മാർച്ച് 31 നകം ഒന്നാം ഘട്ടം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന പ്രതീക്ഷയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 18.3.23ന ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ ബേസ്മെന്റ് കോൺക്രീറ്റിംഗ് നടക്കുന്നതായി കണ്ടു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 ലെ ചട്ടങ്ങൾക്കനുസൃതമായാണ് പ്ലാൻ തയ്യാറാക്കിയതെന്ന് അസി.എക്സി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രേഖ ഫയലിലുണ്ട്. പ്രസ്തുത നിർമ്മാണത്തിന് ടൗൺ പ്ലാനിംഗിൽ നിന്നും ലേ ഔട്ട് അംഗീകാരം ആവശ്യമില്ലെന്നും കെ.പി.ബി. ആർ 2019 ചട്ടം 5 ൽ 3 പ്രകാരം സെക്രട്ടറിക്ക് തുടർ നടപടികൾ സ്വീകരിക്കാമെന്നും അറിയിച്ചുകൊണ്ട് ജില്ലാ നഗരാസൂത്രകൻ 30.12.21 ന് കൊടകര ഗ്രാ.പസെക്രട്ടറിക്ക് നൽകിയ കത്തിൽ പ്ലാനിലെ 10 ന്യൂനതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രസ്തുത ന്യൂനതകൾ പരിഹരിച്ച വിവരം ബ്ലോക്ക് സെക്രട്ടറി 22.3.22 ലെ നം.ഡി. 2660/2019 നം. കത്തു മുഖേന കൊടകര ഗ്രാ.പ സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക് (നം.13/ 20.3.23) മറുപടി ലഭ്യമാക്കി.

3. അക്രഡിറ്റഡ് ഏജൻസികളെ തെരെഞ്ഞെടുക്കുന്നതിനും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി 28 .4.21 ൽ സ. ഉ (പി) നം. 67/21 ഫിൻ പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഏകീകൃത മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം പ്രവൃത്തി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത ഉത്തരവിലെ ഖ. 3.2 പ്രകാരമുള്ള നോൺ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയിട്ടാണ് ഊരാളുങ്കൽ സൊസൈറ്റിയെ പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം ബില്ലുകൾ തയ്യാറാക്കി കരാറുകാരന് തുക നൽകേണ്ടതാണെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

വാർഷിക കണക്ക് B4 പ്രകാരം വില്ലേജ് പഞ്ചായത്ത് ഇനത്തിൽ 11080 ജില്ലാ പഞ്ചായത്ത് ഇനത്തിൽ 12450000 രൂപയും ചെലവഴിക്കാൻ ബാക്കി നിൽക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്ട് നം.129/22 മേനൊടി കുടിവെള്ള പദ്ധതി വിപുലീകരണം വാർഡ് 11 മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് | CFC GRANT | 500000 | 475818 | പൂർത്തീകരിച്ചു | 24182/-രൂപ തിരികെ ലഭിച്ചു. |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്ട് നം.147/22 ചീനിക്കുന്ന് എസ്.ടി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം അയേൺ റിമൂവർ സ്ഥാപിക്കൽ വരന്തരപ്പിള്ളി ഗ്രാമപ ഞ്ചായത്ത് | 22100524/27.12.22 | 163800 | 117074 | പൂർത്തീകരിച്ചു | 46726 |
| കേരള വാട്ടർ അതോറിറ്റി | പ്രൊജക്ട് നം.149/22 കൊരേച്ചാൽ ഇടുത്തൻകുന്ന് കുടിവെള്ള പദ്ധതി വിപുലീകരണം-മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് | CFC GRANT | 1253600 | 0 | | പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | | U000000850650808 | 634185 | 634185 | | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | പദ്ധതിയുടെ പേര് | നൽകിയ തുക | സ്ഥാപനം |
|---|---|---|---|
| 1. | ഷീ വർക്ക് സ്പേസ് | 1,66,94,611/- | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്ക് RP10 ഷെഡ്യൂൾ പ്രകാരം 5000 രൂപ വരവുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 1999-2000 To 2001-2002 | 19 | 2004-05 | 3.8.1 | അഡ്വാൻസ് തുക കൈപ്പറ്റി നാളുകൾ ആയിട്ടും പണിതീർക്കാത്ത ജോലികൾ - അഡ്വാൻസുകൾ തടസ്സത്തിൽ വെയ്ക്കുന്നു. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 16.9.21 ന് നടന്ന തെളിവെടുപ്പ് യോഗത്തിൽ പരാമർശ ഖണ്ഡികയുമായി ബന്ധപ്പെട്ട ന്യൂനതാ പരിഹാര പത്രികയും അനുബന്ധ രേഖകളും സമർപ്പിച്ചിരുന്നു. പരാമർശം തീർപ്പാക്കിയതായി വാക്കാൽ അറിയിച്ചെങ്കിലും രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതാണ്. |
| 2004-2005 | 3.8 | 2009-10 | 3.2.2 | ഉഴിഞ്ഞാൽപ്പാടം ബണ്ട് സംരക്ഷണം സർക്കാർ ചട്ടങ്ങൾ | 28.9.22ൽ നിയമസഭാ സെക്രട്ടേറിയറ്റിൽ നടന്ന നിയമസഭാ സമിതി അദാലത്തിൽ പങ്കെടുത്തു. പരാമർശ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പാലിച്ചിട്ടില്ല. | ഖണ്ഡികയുമായി ബന്ധപ്പെട്ട ന്യൂനതാ പരിഹാര പത്രികയും അനുബന്ധ രേഖകളും സമർപ്പിച്ചിരുന്നു. പരാമർശം തീർപ്പാക്കിയതായി വാക്കാൽ അറിയിച്ചെങ്കിലും രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതാണ്. |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112619223 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108341786 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32800 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 32800 | ജയന്തി ടി.ടി<br>അസി.ഡയറക്ടർ ഓഫ് ഫിഷറീസ്. |
| ആകെ | 32800 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയന്തി ടി.ടി<br>അസി.ഡയറക്ടർ ഓഫ് ഫിഷറീസ്. | അസി.ഡയറക്ടർ<br>ഫിഷറീസ്സ്റ്റേഷൻ<br>വിഴിഞ്ഞം<br>തിരുവനന്തപുരം | നന്ദനം വീട്<br>ചീരക്കാട്ടുതറ<br>മണീട്<br>എറണാകുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/ SCH) |
|---|---|---|---|---|---|
| 1 | 1999-00 To 2001-02 (ജനകീയാസൂത്രണം) | LFT9-56/04 Dt. 11.03.04/07.07.04 | 2 | 7, 19 | 7- Case 19 - CAR |
| 2 | 2004-05 | LFT21-2625/07 Dt. 21.2.09/5.5.09 | 2 | 3-6, 3-8 | 3-8 - CAR |
| 3 | 2005-06 | LFT21-274/07 Dt. 21.2.09/07.07.09 | 2 | 3-3, 3-6 | |
| 4 | 2006-07 | LFT(BP)537/11 Dt. 26.09.11/15.10.11 | 5 | 3-4, 3-7, 3-8, 3-9, 3-11 | |
| 5 | 2007-08 | LFT(BP)538/11 Dt. 26.9.11/8.12.11 | 1 | 3-10 | |
| 6 | 2009-10 | LFT(BP)540/11 Dt. 26.9.11/08.12.11 | 1 | 3-4(എ) | |
| 7 | 2010-11 | LFT(BP)2236/12 Dt. 15.2.13/03.06.13 | 4 | 3-4, 3-6, 3-12, 3-1(ബി) | |
| 8 | 2011-12 | LFT(BP)218/13 Dt. 15.4.13/03.8.13 | 3 | 3-1(1,2), 3-4, 3-8 | |
| 9 | 2014-15, 2015-16 | KSATSR(BP2)642/2017 Dt. 18.5.17 | 3 | 3-10, 3-11, 3-12 | |
| 10 | 2016-17 | KSATSR(BP2)1068/17 Dt. 11.7.17 | 1 | 3-13 | |
| 11 | 2017-18 | KSATSR(BP2)03/19 Dt. 12.3.19/05.4.17 | 3 | 3-1, 3-8, 3-12 | |
| 12 | 2018-19 | KSATSR(BP)994/2019 Dt. 16/09/19 | 1 | 3-19 | |
| 13 | 2019-20 | KSATSR(p5)952/2022 Dt.02.07.22 /3.7.22 | 16 | 1-10,1-11,1-12,1-13, 1-14,1-15,1-16,1-17 1-18,1-19,1-20,1-21 1-22,1-23,3-1,3-2 | |
| 14 | 2020-21 | KSATSR(p5)953/2022 Dt.12/07/2022 | 24 | 1-7,1-8,1-9, 1-10,1-11,1-12,1-13, 1-14,1-15,1-16,1-17 1-18,1-19,1-20,1-21 1-22,1-23,1-24,1-25, 1-26,1-27,1-28 3-1,3-2 | |

| | | | | |
|---|---|---|---|---|
| | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 68 | | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൊടക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്